"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പത്തനംതിട്ട ജില്ല – വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. ഗോപിയ്ക്കെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.45/2021/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 07/01/2021

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 17.03.2016-ലെ ഇ3(കൃവി.13/15/പിടിഎ) 25273/2015നമ്പർ കത്ത്

2 സർക്കാരിന്റെ 09.03.2017-ലെ ഇപിബി2/116/2016/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

3 ശ്രീ. കെ. ഗോപി സമർപ്പിച്ച 09.08.2017-ലെ പ്രതിവാദ പത്രിക

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണ ചട്ടം ലംഘിച്ച് നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് അനുമതി നല്കുന്നു , സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് കൈക്കൂലി വാങ്ങുന്നു , പഞ്ചായത്ത് ലൈസൻസ് ഇല്ലാതെയും സാനിറ്റേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെയും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് അനുമതി നല്കുന്നു, ശുചീകരണ പ്രവർത്തികൾ നടത്താതെ ബ്ലീച്ചിംഗ് പൗഡറും ഫിനോയിലും മറിച്ച വിൽക്കുന്നു , മാനദണ്ഡങ്ങൾ പാലിക്കാതെ കൈക്കൂലി വാങ്ങി നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് നല്കുന്നു, ലൈബ്രേറിയൻ ലൈബ്രറി തുറക്കാതെ ആഫീസിൽ വരുന്നവരെ വശീകരിച്ച് കൈക്കൂലി വാങ്ങി വീതംവച്ച് നല്കി ആളുകളുടെ ആവശ്യങ്ങൾ സാധിച്ച നല്കുന്നു , കച്ചവട സ്ഥാപനങ്ങളുടെ വിറ്റുവരവ് കുറച്ച് കാണിച്ച് കൈക്കൂലി വാങ്ങി ലൈസൻസ് ഫീസ് കുറച്ചു നല്കുന്നു , സെക്രട്ടറി മതിയായ കാരണമില്ലാതെ ഓഫീസിൽ വൈകി ഹാജരാകുന്നു , സർക്കാർവക വാഹനം പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്നു തുടങ്ങിയ ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അന്വേഷണത്തിൽ പെർമിറ്റിനുള്ള അപേക്ഷ യാതൊരു നടപടിയും സ്വീകരിക്കാതെ വച്ചു താമസിപ്പിച്ചതായും, കെട്ടിട നിർമ്മാണ ചട്ടം ലംഘിച്ച് കെട്ടിടം നിർമ്മിച്ച കെട്ടിട ഉടമയായ ശ്രീ. രഘുവരൻ, ചിറയിൽ പടിഞ്ഞാറ്റതിൽ എന്നയാൾക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയതായും കണ്ടെത്തിയിട്ടുണ്ട്. തുടർന്ന് പ്രസ്തുത വീഴ്ചയ്ക്കുത്തരവാദിയായ വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ. ഗോപിയ്ക്കെതിരെ കുറ്റപത്രം നൽകിയിരുന്നുവെങ്കിലും ശ്രീ. കെ. ഗോപി 31.05.2016-ന് സേവനത്തിൽ നിന്നും വിരമിച്ചതിനാൽ കുറ്റപത്രം തിരികെ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

ശ്രീ. കെ. ഗോപി സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടിയാനെതിരെ കെ.എസ്.ആർ. ഭാഗം III ചട്ടം 3(ബി) പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന്റെ പ്രതിമാസ പെൻഷനിൽനിന്ന് 300/- രൂപ വീതം മൂന്ന് വർഷത്തേയ്ക്ക് കുറവ് വരുത്താൻ താല്ക്കാലിക തീരുമാനമെടുത്ത് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. കെ. ഗോപി പരാമർശം (3) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്.

# File No.LSGD-EPB2/116/2016-LSGD

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. കെ. ഗോപിയുടെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം 3 വർഷത്തേയ്ക്ക് കുറവു വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ടിയാനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. ഗോപിയ്ക്കെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ അച്ചടക്ക നടപടികൾ സംബന്ധിച്ച മാന്വൽ പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം വീഴ്ച കൂടാതെ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട

   (പരാമർശം (1), (2), (3) എന്നിവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. കെ. ഗോപി, മുൻ സെക്രട്ടറി, വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്/സെക്രട്ടറി, വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത്
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/116/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2021.01.08 11:54:03 IST
Reason: Approved

സെക്ഷൻ ഓഫീസർ